ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: lsgd.kerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

LSGD/PD/20487/2026-IT&EG1 തീയതി: 22-07-2026

## സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ടെൻഡർ യൂസർ മാനേജ്മെന്റ് പൂർണ്ണമായും RMS പോർട്ടൽ (https://lsgd.info) വഴി ക്രമീകരിക്കുന്നത്–നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന: 1) 26.03.2026 ലെ LSGD/PD/10244/2026-EER1നമ്പർ ഉത്തരവ്

2) 02.06.2026-ന് സിസ്റ്റം സൂപ്പർവൈസർ സമർപ്പിച്ച പ്രൊപ്പോസൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച് വരുന്ന വിവിധ ഓൺലൈൻ സോഫ്റ്റ്‌വെയറുകളുടെ ഏകീകൃത യൂസർ മാനേജ്മെൻറ് പോർട്ടലായ **RMS പോർട്ടലിൽ (https://lsgd.info)** ഇ-ടെൻഡർ യൂസർ മാനേജ്മെന്റിനായുള്ള പുതിയ മൊഡ്യൂൾ ഇപ്പോൾ സജ്ജമായിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ ഇ-ടെൻഡർ യൂസർ മാനേജ്മെൻറ് അതത് ജില്ലാതലത്തിലുള്ള നോഡൽ ഓഫീസർ വഴിയും, ബ്ലോക്ക് പഞ്ചായത്തുകളുടേത് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ നോഡൽ ഓഫീസർ വഴിയുമാണ് നിർവ്വഹിച്ച് വരുന്നത്. കൂടാതെ, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ യൂസർ മാനേജ്മെൻറ് പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേനയുമാണ് ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷം വിവിധ തലങ്ങളിലുള്ള ഓഫീസുകളിലേക്ക് ഉദ്യോഗസ്ഥർ മാറുമ്പോൾ ഉണ്ടാകുന്ന യൂസർ ക്രിയേഷൻ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതും നിലവിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴിയാണ്.

മേൽപ്പറഞ്ഞ അതേ ഘടനയിൽത്തന്നെയാണ് RMS പോർട്ടലിലെ പുതിയ ഇ-ടെൻഡർ യൂസർ മാനേജ്മെൻറ് മൊഡ്യൂളും ക്രമീകരിച്ചിട്ടുള്ളത്. ഇനി മുതൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ഇ-ടെൻഡർ യൂസർ ആവശ്യങ്ങൾ RMS പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാവുന്നതും, റിക്വസ്റ്റുകൾ പരിശോധിച്ച് യൂസർ ക്രിയേറ്റ് ചെയ്ത ശേഷം അതത് നോഡൽ ഓഫീസർമാർ പ്രസ്തുത വിവരങ്ങൾ പോർട്ടൽ മുഖേന തന്നെ അപ്ഡേറ്റ് ചെയ്യുന്നതുമാണ്. ഈ സംവിധാനം യൂസർ മാനേജ്മെൻറ് വിവരങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് വേണ്ടി മാത്രമുള്ളതാണ്. അതിനാൽ, യഥാർത്ഥ ഇ-ടെൻഡർ നടപടിക്രമങ്ങൾ മുൻപത്തെപ്പോലെ തന്നെ **https://etenders.kerala.gov.in** എന്ന ഔദ്യോഗിക പോർട്ടൽ വഴി മാത്രമേ നിർവ്വഹിക്കേണ്ടതുള്ളൂ.

ആയതിനാൽ, **2026 ജൂലൈ 20 മുതൽ** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ടെൻഡർ യൂസർ മാനേജ്മെന്റ് ആവശ്യങ്ങൾ ഓൺലൈനായി RMS പോർട്ടൽ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. ഈ ആവശ്യത്തിനായി യാതൊരുവിധ ഇമെയിലുകളോ ഔദ്യോഗിക കത്തിടപാടുകളോ നടത്തേണ്ടതില്ലെന്ന് ഇതിനാൽ അറിയിക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേനെ)
4. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

Digitally signed by
DIVYA S IYER
Date: 22-07-2026
19:35:45